**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4929** **01-11-2021 - ൽ മറുപടിയ്ക്ക്**

**ശരണ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ശരണ്യ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ എന്നീ വിഭാഗം സ്ത്രീകൾക്കായി ആരംഭിച്ചിട്ടുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ഒരു വ്യക്തിയ്ക്ക് 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പത്തുകയുടെ 50% (പരമാവധി 25,000/- രൂപ വരെ) സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതും, 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതുമാണ്. നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ട് പോവുകയും ആദ്യ വായ്പയുടെ 50% എങ്കിലും തിരിച്ചടയ്ക്കുകയും ചെയ്തവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല കമ്മിറ്റിയുടെ ശിപാർശ പ്രകാരം ആദ്യ വായ്പാ തുകയുടെ 80%-ൽ കുറയാത്ത തുക തുടർവായ്പയായി കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും 18നും 55നും മദ്ധ്യേ പ്രായമുള്ളതുമായ (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/ |

| | | | |
|---|---|---|---|
| | | | സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ബിരുദധാരികൾക്കും മുൻഗണന നൽകുന്നതാണ്. പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായി രൂപം നൽകിയിട്ടുള്ള ജില്ലാ കമ്മിറ്റി മുൻപാകെ വയ്ക്കുകയും ജില്ലാ കമ്മിറ്റി അപേക്ഷകയെ കൂടിക്കാഴ്ചയ്ക്ക് വിളിച്ച് അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്നു. അപേക്ഷ പാസാക്കിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം RUDSET (Rural Development and Self Employment Training Institute) / RSETI (Rural Self Employment Training Institute)-കൾ വഴി നല്കിയതിനുശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര സ്ത്രീകൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വിശദീകരിക്കാമോ? | (ബി) | ശരണ്യ പദ്ധതി ആരംഭിച്ച് നാളിതുവരെ ഈ പദ്ധതി പ്രകാരം 31,163 സ്ത്രീകൾക്ക് പ്രയോജനം ലഭിച്ചു. ഇവർക്ക് സ്വയംതൊഴിൽ വായ്പ ഇനത്തിൽ 149,94,72,000/- രൂപ (നൂറ്റി നാല്പത്തിയൊൻപത് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ